കേസ് എടുത്തിട്ടുണ്ട്. പോലീസിന് വിശ്വാസ വഞ്ചനയ്ക്കല്ലാതെ കേസ് എടുക്കാൻ വകുപ്പില്ല. ഇതിൽ പോലീസിന് കൂടുതൽ അധികാരങ്ങൾ കൊടുത്തുകൊണ്ട് പണമിടപാടുകാരുടെ പെട്ടെന്നുണ്ടാകുന്ന സാമ്പത്തിക വളർച്ച വീലയിരുത്താനൊരു സംവിധാനമുണ്ടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം മന്ത്രി ആലോചിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതു പോലെ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യാ ആക്ടിലെ ചാപ്റ്റർ (3) (സി) അനുസരിച്ച് ഒരു സഹകാര്യ പണമിടപാട് സ്ഥാപനത്തിന് ആകെ എത്ര പേരിൽ നിന്ന് നിക്ഷേപം സ്വീകരിക്കാമെന്നതിന് വ്യക്തമായ വ്യവസ്ഥയുണ്ട്. കമ്പനി നടത്തുന്നത് ഒരു വ്യക്തിയാണെങ്കിൽ 25 പേരിൽ നിന്നും പാർട്ണർഷിപ്പാണെങ്കിൽ ഓരോ പാർട്ണർക്കും 25 വീതം ആളുകളിൽ നിന്നും നിക്ഷേപം സ്വീകരിക്കാം. എന്നാൽ എത്ര പാർട്ണർമാരുണ്ടായിരുന്നാലും പരമാവധി 250 പേരിൽ നിന്നു മാത്രമേ നിക്ഷേപം സ്വീകരിക്കാവൂ. അങ്ങനെ വ്യക്തമായ വ്യവസ്ഥ റിസർവ്വ് ബാങ്ക് ആക്ടിൽ ഉണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ മണിലെൻഡേഴ്സ് ആക്ടിൽ ഈ വ്യവസ്ഥയൊന്നും ഇല്ല. പരിശോധനകൾ നടത്തുന്നതിൽ റിസർവ്വ് ബാങ്ക് ഉദ്യോഗസ്ഥൻമാർക്കും സെയിൽടാക്സ് ഉദ്യോഗസ്ഥൻമാർക്കും കൂടെ അധികാരങ്ങളുണ്ട്. കൂടാതെ സംസ്ഥാന ഗവൺമെൻറിനും കുറച്ച് അധികാരങ്ങളുണ്ട്. അത് ഉപയോഗിച്ചു പരിശോധിച്ചു നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

മി. ഡപ്യൂട്ടി സ്പീക്കർ : ആദ്യത്തെ ചോദ്യത്തിന് തന്നെ അര മണിക്കൂർ എടുത്തു, അതുകൊണ്ട് ചോദ്യവും ഉത്തരവും കുറച്ചുകൂടി ചുരുക്കിയാൽ തരക്കേടില്ല.

ശ്രീ. എം. വി. രാഘവൻ : 'ആദിത്യാ ഫൈനാൻസിയേഴ്സ്' എന്നൊരു സ്ഥാപനം കേരളത്തിൽ പ്രവർത്തിക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവർ പല തട്ടിപ്പും നടത്തുകയാണ്. ഇതേക്കുറിച്ച് അങ്കമാലി പ്രദേശത്തുനിന്ന് വല്ല പരാതിയും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ? അവർ ജനങ്ങളിൽ നിന്ന് പണം സ്വീകരിക്കുക, എന്നിട്ട് ജോലി കൊടുക്കാമെന്നു പറഞ്ഞ് ഒരു തട്ടിപ്പ് വ്യവസായം നടത്തിയിട്ട് ആ പണം തിരിച്ച് കൊടുക്കാതിരിക്കുകയും ജോലി കൊടുക്കാതെ ആളുകളെ പറഞ്ഞിക്കുകയും ചെയ്യുന്നു. അത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ : പ്രൈവറ്റ് ഫൈനാൻസിയേഴ്സ് ഈ പറയുന്നത് പല തരത്തിൽപ്പെടുന്നവരാണ്. ചിലർ പത്തും ഇരുന്നൂറും പേരെ റിക്രൂട്ട് ചെയ്യും. ഇരുപതും ഇരുപത്തയ്യായിരവും രൂപ വീതം ഉദ്യോഗാർത്ഥികളിൽ നിന്ന് വാങ്ങി ഒരു ആഫീസ് തുടങ്ങും, കുറച്ച് നിക്ഷേപങ്ങൾ നാട്ടിൽ നിന്ന് സംഭരിക്കും. അതിനൊക്കെ പോലീസ് ചാർജ്ജ് ചെയ്തിട്ടുള്ള നിരവധി കേസുകൾ ഇന്ന് സംസ്ഥാനത്ത് നിലവിലിരിക്കുകയാണ്.

സംസ്ഥാനത്തിന് വെളിയിൽ നിന്നും വാങ്ങുന്ന വൈദ്യുതി

*37 [37] ശ്രീ. കൊരംപയിൽ അഹമ്മദ് ഹാജി :
,, സീതി ഹാജി :
,, കെ. പി. എ. മജീദ് :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം അന്യസംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്ന് ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നു എന്തു നിരക്കിലാണ് വൈദ്യുതി വാങ്ങുന്നത് ;

(ഡി) സംസ്ഥാനത്ത് രാമഗുണ്ടം, കൽപ്പാക്കം, നെയ്വേലി എന്നീ പവ്വർ സ്റ്റേഷനുകളിൽ നിന്നും ദിനംപ്രതി എത്ര യൂണിറ്റ് വിദ്യുച്ഛക്തി ഇപ്പോൾ ലഭിക്കുന്നു ;

(ഇ) ഇതിന് ഉപഭോക്താക്കളിൽ നിന്നും ബോർഡ് ഈടാക്കുന്ന ചാർജ്ജ് എത്ര ;

(എഫ്) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം എത്രയാണ് ;

(ജി) അത് സംസ്ഥാനത്തിന്റെ ആവശ്യത്തിന് തികയുന്നുണ്ടോ?

വിദ്യുച്ഛക്തിവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) കേന്ദ്ര ഉടമയിലുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള കേരള വിഹിതം കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ വഴി കിട്ടുന്നു. കൂടാതെ അത്യാവശ്യ സന്ദർഭങ്ങളിൽ കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നുകൂടി വൈദ്യുതി എടുക്കുന്നുണ്ട്.

(സി) കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് നിശ്ചിത നിരക്കിലാണ് കേന്ദ്ര വിഹിത വൈദ്യുതി വാങ്ങുന്നത്. കർണ്ണാടക വൈദ്യുതി, യൂണിറ്റ് ഒന്നിന് 80 പൈസ നിരക്കിലും തമിഴ്നാട് വൈദ്യുതി യൂണിറ്റ് ഒന്നിന് 65 പൈസ നിരക്കിലും ആണ് വാങ്ങുന്നത്. ബില്ലിംഗ് തുക നിശ്ചയിച്ചിരിക്കുന്നത് അതാത് ഏജൻസികളുടെ സപ്ലൈ പോയിന്റിൽ രേഖപ്പെടുത്തുന്ന യൂണിറ്റനുസരിച്ചാണ്.

(ഡി) ആന്ധ്രയിലെ രാമഗുണ്ടത്തു നിന്നുള്ള വിഹിതമായി കർണ്ണാടകം വഴി ശരാശരി 1.237 ദശലക്ഷം യൂണിറ്റും, കൽപ്പാക്കം, നെയ്വേലി എന്നിവിടങ്ങളിൽ നിന്നുള്ള വിഹിതമായി തമിഴ്നാട്ടിൽ നിന്നും ശരാശരി 1.38 ദശലക്ഷം യൂണിറ്റും പ്രതിദിനം ലഭിക്കുന്നുണ്ട്.

(ഇ) യൂണിറ്റൊന്നിന് 84+6 പൈസ (ഡ്യൂട്ടി ഉൾപ്പെടെ)

(എഫ്) ഇപ്പോൾ പ്രതിദിനം 12.24 ദശലക്ഷം യൂണിറ്റ്.

(ജി) ഇല്ല.

ശ്രീ. പി. സീതി ഹാജി : നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ക്ഷാമം കൊണ്ടാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി ഇറക്കുമതി ചെയ്യുന്നത്. സൈലൻറ്വാലി പദ്ധതി നിർത്തൽ ചെയ്തപ്പോൾ കേരളത്തിന് ഒരു തെർമൽ പ്ലാൻറും. ആണവ നിലയവുമെല്ലാം തരാമെന്നു പറഞ്ഞിരുന്നു. അതു വല്ലതും കിട്ടാൻ സാദ്ധ്യതയുണ്ടോ ? അതു കിട്ടുകയാണെങ്കിലല്ലേ ഈ സംസ്ഥാനത്തിന്റെ വിദ്യുച്ഛക്തിയുടെ ആവശ്യം നിർവഹിക്കാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : സൈലൻറ്വാലി വേണ്ടെന്നു വച്ച പ്പോൾ പകരം നൽകാമെന്നു പറഞ്ഞിരുന്നത് പൂയാംകുട്ടി പദ്ധതിയാണ്. പൂയാംകുട്ടിക്കും മാനന്തവാടി പദ്ധതിക്കുമാണ് ഇന്നു പ്രാമുഖ്യം കൊടുത്തി രിക്കുന്നത്. തെർമൽപ്ലാന്റോ അണുശക്തി നിലയമോ നമ്മെ ആവശ്യപ്പെട്ടി രുന്നില്ല. പൂയാംകുട്ടി പദ്ധതിയുടെ ആദ്യഘട്ടത്തിന് ഇപ്പോൾ അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുക യാണ്. അണുശക്തി നിലയമോ താപനിലയമോ ഇതുവരെ കേന്ദ്രഗവൺ മെൻറ് നമുക്ക് അനുവദിച്ചിട്ടില്ല.

ശ്രീ. പി. സീതി ഹാജി : 80 പൈസയ്ക്കും 65 പൈസയ്ക്കുമാണ് കറണ്ട് വാങ്ങുന്നതെന്നാണ് പറഞ്ഞത്. തമിഴ്നാട്ടിൽനിന്നും കർണ്ണാടക ത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി ഒരേ റേറിനാണ് ഇവിടെ വ്യവസായി കൾക്ക് കൊടുക്കുന്നതെന്ന ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടി ട്ടുണ്ടോ ? ഇത് കുറച്ച് കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 80 പൈസയ്ക്ക് വാങ്ങുന്ന വിദ്യു ച്ഛക്തി ഇവിടെ എത്തുമ്പോൾ ലൈൻലോസും ഇവിടെത്തെ വിദ്യുച്ഛ ക്തി ബോഡിന്റെ എസ്റാബ്ലിഷ്മെൻറ് എക്സ്പെൻഡിച്ചറും കൂടി 120 പൈസയാകും. ഇപ്പോൾ യഥാർത്ഥത്തിൽ കൊടുത്തു കൊണ്ടിരിക്കുന്നത് വലിയ ലാഭവും നഷ്ടവുമില്ലാത്ത ഒരു മട്ടിലാണ്. തമിഴ്നാട്ടിൽ നിന്നു 65 പൈസയ്ക്ക് വാങ്ങുന്നതും കർണ്ണാടകത്തിൽ നിന്നു വാങ്ങുന്നതും കൂടി ചേർത്തു മിക്സ് ചെയ്താണ് ഒരു റേറ് ഫിക്സ് ചെയ്തിരിക്കുന്നത്. ഇത് വലിയ ലാഭവും നഷ്ടവുമില്ല. മാത്രമല്ല ആദ്യഘട്ടത്തിൽ എടുത്തുകൊ ണ്ടിരുന്ന വിദ്യുച്ഛക്തി കിട്ടിയ വിലയ്ക്ക് വാങ്ങാൻ ആദ്യത്തെ രണ്ടുമൂന്നു മാസം ഇവിടത്തെ വൻകിട വ്യവസായികളും ഉപഭോക്താക്കളും കൂട്ടാക്കിയില്ലെ ന്നുള്ളതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ വിദ്യുച്ഛക്തി ഉൽപ്പാദനം കുറ ച്ചുകൊണ്ട് 11 പൈസയ്ക്കും 12 പൈസയ്ക്കും 30 പൈസയ്ക്കും ആ വൈദ്യുതി വിൽക്കേണ്ട ഒരു സ്ഥിതിയിലാണ് വിദ്യുച്ഛക്തി ബോർഡ് ആദ്യം രണ്ടു മൂന്നു മാസം നിന്നിരുന്നത്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : നമ്മുടെ സംസ്ഥാനത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദ്യുച്ഛക്തി ഉപയോഗിക്കുന്നത് ഇലക് ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ലാഭമാണോ നഷ്ടമാണോ യെന്ന് വ്യക്തമാക്കാമോ ? ഈ സംസ്ഥാനത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് വിദ്യുച്ഛക്തി കൊണ്ടുവന്നു വിതരണം ചെയ്തതിൽ ബോർഡിന് എത്ര ലക്ഷം രൂപ ലാഭം കിട്ടിയിട്ടുണ്ട് ? ലാഭം അല്ലെങ്കിൽ എത്ര ലക്ഷം രൂപ നഷ്ടം വന്നിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഗവൺമെൻറിനെ വിദ്യുച്ഛക്തി ബോർഡ് അറിയിച്ച കണക്കുകളനുസരിച്ച് ഇപ്പോൾ ഏതാണ്ട് ലാഭവും നഷ്ടവുമില്ലാതെ പോകുകയാണ്. ചീഫ് സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റിയെ ഇതിനുവേണ്ടി ഗവൺമെൻറ് നിയോഗിച്ചിട്ടുണ്ട്. അവർ മോണി ട്ടർ ചെയ്യുന്നതനുസരിച്ചാണ് വൈദ്യുതി വിൽക്കുന്നതും. ഇതിന്റെ വിഹിതം വ്യവസായികൾക്കും ജനങ്ങൾക്കും നൽകുന്നതും, അവർക്കിടയെ സംബന്ധിച്ച് നടപടികൾ നടത്തുന്നതും, മാസം ഒന്നും രണ്ടും പ്രാവശ്യം ഈ റിവ്യൂ കമ്മിറ്റി കൂടും. അവരുടെ നിശ്ചയത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാ ര്യങ്ങൾ ബോർഡും ഗവൺമെൻറും സ്വീകരിച്ചു മുന്നോട്ടു പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : നമ്മുടെ സംസ്ഥാനത്തി നാവശ്യമായ വിദ്യുച്ഛക്തി ഈ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നില്ലെന്നു മന്ത്രി വ്യക്തമാക്കി. ഒരു സർക്കാറിനെ സംബന്ധിച്ചിടത്തോളം പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ് വെള്ളവും വെളിച്ചവും കൊടുക്കുകയെന്നു ള്ളത്. നമ്മുടെ സംസ്ഥാനത്തു പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ കണക്ഷ നുകൾക്കുവേണ്ടി അപേക്ഷ കൊടുത്തിട്ടുള്ള ആവശ്യക്കാർക്ക് അന്യസംസ്ഥാന ങ്ങളിൽ നിന്നു വിദ്യുച്ഛക്തി വാങ്ങി വിതരണം ചെയ്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ ഈ പ്രതിസന്ധി ഒഴിവാക്കാൻ സാധിക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇവിടെ വിദ്യുച്ഛക്തിക്ക് അപേ ക്ഷിച്ച ഒരുലക്ഷത്തി ഇരുപതിനായിരം പേർക്ക് കണക്ഷനുകൾ ഈ കൊല്ലം കൊടുക്കാൻ ഗവൺമെന്റ് വിദ്യുച്ഛക്തി ബോർഡിനു നിർദ്ദേശം കൊടു ത്തിട്ടുണ്ട്. 80 പൈസയ്ക്കും 90 പൈസയ്ക്കും വിദ്യുച്ഛക്തി വാങ്ങി 30 പൈസയ്ക്ക് വിറ്റ് ഒരു വ്യാവസായിക സ്ഥാപനമായ വിദ്യുച്ഛക്തി ബോർഡിനു ലാഭമുണ്ടാക്കാൻ കഴിയാത്തതു കൊണ്ടാണ് കേരളത്തിൽത്തന്നെ വിദ്യുച്ഛക്തി കഴിയുന്നിടത്തോളം ഉൽപ്പാദിപ്പിക്കണമെന്നു ഗവൺമെന്റ് ആഗ്രഹിക്കുന്നത്; വീണ്ടും പുതിയ പുതിയ പദ്ധതികൾ ആരംഭിക്കുന്ന തിനു വേണ്ടി ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഇതിന് ഈ സഭയിലും പുറ ത്തുമുള്ള എല്ലാ ഭാഗത്തുനിന്നും പിൻതുണ ആവശ്യമാണ്. ആദ്യം അണു ശക്തികേന്ദ്രത്തിനെതിരായി എതിർപ്പു തുടങ്ങി. പിന്നീട് താപനിലയത്തി നെതിരായി പ്രശ്നമായി. സൈലന്റ്വാലിക്കെതിരായി കേസ് ഫയൽ ചെയ്തതുപോലെ ഇപ്പോൾ പുയാംകുട്ടി പദ്ധതിക്കെതിരായി കേരളാ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ഒരു പ്രോജ ക്റ്റും നടത്താൻ കഴിയുകയില്ലെന്നുള്ള ഒരു സ്ഥിതിയിലാണ് പല താൽപ്പ ര്യക്കാരും ഇതിന്റെ മുമ്പിൽ നിൽക്കുന്നത്. പക്ഷേ ഗവൺമെന്റിന് ഈ പദ്ധതി നടത്തി മുന്നോട്ടു പോകണമെന്നുള്ള നിലപാടാണുള്ളത്.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മന്ത്രി ലാഭവും നഷ്ടവുമി ല്ലെന്നു പറഞ്ഞത് കണക്കുകൾ നോക്കിയിട്ടാണോയെന്നു എനിക്ക് അറിയില്ല. ഇറക്കുമതി ചെയ്യുന്ന കറണ്ടിന്റെ 40 ശതമാനമാണ് നൽകുന്നത്. 60 ശതമാന മാണ് സംസ്ഥാനത്തെ വൈദ്യുതി. 8 ലക്ഷത്തിൽപ്പരം രൂപ ഇപ്പോൾ നികു തിയിനത്തിൽ ബോർഡിന് ലഭിക്കും. അതേസമയം പവർകട്ടിന് മുമ്പു ബോർഡിന് ലഭിച്ചത് 6 ലക്ഷമാണ്. അന്ന് 100 ശതമാനം വൈദ്യുതി കൊടുത്തിരുന്നു. ഇന്ന് 8 ലക്ഷത്തിൽപ്പരം രൂപ ലഭിക്കുന്നുണ്ട്. ഇതുകൂടാതെ ഇറക്കുമതി കറണ്ടിന് യൂണിറ്റൊന്നിന് 70 പൈസയാണ് വില. ചെലവു ഉൾപ്പെടെ 90 പൈസയാകും. അതിനുപുറമെയാണ് 30 ശതമാനം നികുതിയും 2 ശതമാനം സർച്ചാർജും. അതായത് യൂണിറ്റ് ഒന്നിന് 120 പൈസ. മാത്രമല്ല. ടാറ്റ. സി. സി. പോലെയുള്ള പൊതുമേഖലാസ്ഥാപനങ്ങളോട് പോലും അനുഭാവസൂചകമായിട്ടുള്ള ഒരു സമീപനം ഇലക്ട്രിസിറ്റി ബോർഡ് എടുക്കുന്നില്ല. ടൺ ഒന്നിന് മൂവായിരം രൂപ നഷ്ടം വരു ന്നതെന്ന ചാർജ് പകാരം കൊടുത്താൽ, നികുതി ഇളവു ചെയ്താൽ ഇരു ന്നൂറോളം താൽക്കാലിക തൊഴിലാളികൾക്കും ആയിരത്തിൽപ്പരം തൊഴിലാളി കൾക്ക് സ്ഥിരമായും ജോലി കൊടുക്കാം. പൊതുമേഖലാസ്ഥാപനങ്ങളോട് അനുഭാവപൂർവമല്ലാത്ത ഒരു സമീപനമാണോ ഇലക്ട്രിസിറ്റി ബോർഡ് എടു ക്കേണ്ടത് ? നിങ്ങൾ ലാഭമുണ്ടാക്കിയിട്ട് പൊതുമേഖലയെ തകർക്കണമെ ന്നാണോയെന്നാണ് ഞാൻ ചോദിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇതിനെല്ലാത്തിനും മറുപടി പറയാനുണ്ട്. പക്ഷെ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ഒരു പോയിന്റ് മാത്രം പറയാം. പൊതുമേഖലയെന്നോ സഹകാര്യമേഖലയെന്നോ വേർതിരിച്ച് വിദ്യുച്ഛക്തിയുടെ റേറ് നിശ്ചയിക്കാൻ ഈ രാജ്യത്തെ സപ്ലൈ ആക്റ്റ് അനുസരിച്ചോ മറ്റുതരത്തിലോ യാതൊരു നിയമവുമില്ല ഗവൺമെൻറ് ഓഫീസുകൾക്ക് ഒരു റേറും മറ്റുള്ളവർക്ക് ഒരു റേറും അനുവദിക്കാൻ സാദ്ധ്യമല്ലല്ലോ. ഇതിന് ചില നിയമവ്യവസ്ഥകളുണ്ട്. അതിൻറെയടിസ്ഥാനത്തിൽ അങ്ങനെ വേർതിരിച്ച് വ്യത്യസ്തമായി കാണാൻ സാദ്ധ്യമല്ല.

പുറത്തു നിന്നു വിദ്യുച്ഛക്തി എടുക്കുകയെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ഇനിയൊരിക്കലും ഒഴിവാക്കാൻ വയ്യാത്ത ഒന്നായി മാറിയിരിക്കുന്നു. കാരണം തെക്കെ ഇൻഡ്യയ്ക്ക് വേണ്ടിവരുന്ന .....

ശ്രീ. ഇ. കെ. നായനാർ : എത്ര ലക്ഷം രൂപ ലാഭമുണ്ട് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എനിക്ക് കിട്ടിയ വിവരം വച്ച്, ഈ മാസം 1-ാം തീയതിക്ക് മുമ്പ് കൂടിയ റവന്യൂ കമ്മറിയിൽ നിന്ന് കിട്ടിയ ഫയലിൽ കണ്ട വിവരം വച്ച് ഇവിടെ ആദ്യം വൈദ്യുതിയെടുത്തത് ഉപഭോക്താക്കളും വൻകിടവ്യവസായികളും എടുക്കാത്തതിനെത്തുടർന്നു വിദ്യുച്ഛക്തി ബോർഡ് പുറത്തു നിന്നു വൻവിലയ്ക്ക് വാങ്ങിയ വിദ്യുച്ഛക്തി കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പിന്നെ എങ്ങനെയാണ് ലാഭം വരുന്നത് ? അപ്പോഴും സ്വഭാവികമായും ലാഭം ഉണ്ടാകുകയില്ല.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : മന്ത്രി മറുപടി പറഞ്ഞപ്പോഴും രാമഗുണ്ടം കൽപ്പാക്കം തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് 1.237 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുകയും നമ്മുടെ സംസ്ഥാനത്ത് 12.24 ദശലക്ഷം യൂണിറ്റ് വീതം ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു എന്നു പറഞ്ഞു. പുറത്തുനിന്നു വാങ്ങുന്ന വൈദ്യുതിയും നമ്മൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയും കൂടി കൂട്ടിയാലും വർദ്ധിച്ചു വരുന്ന നമ്മുടെ ആവശ്യത്തിനുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് കൊടുക്കാൻ കഴിയുന്നില്ല. ഇതു മാറണം. ഇതു മാറ്റാൻ വേണ്ടി ഓരോ പദ്ധതികൾ തുടങ്ങുമ്പോൾ കേന്ദ്രത്തിൽ നിന്ന് തടസ്സം വരും. ഇതു മാറ്റിയിട്ട് ക്രിയാത്മകമായി ഈ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ എന്തുകൊണ്ടാണ് നടത്താത്തതെന്നു വിശദമാക്കാമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കേരളത്തിനാവശ്യമുള്ള വൈദ്യുതിമുഴുവനും ഇവിടെ ഉൽപ്പാദിപ്പിക്കുവാനുള്ള യന്ത്രസജ്ജീകരണങ്ങളും ഓൺ സജ്ജീകരണങ്ങളും ഇവിടെയുണ്ട്. നമുക്കുണ്ടായിരുന്ന ബുദ്ധിമുട്ട് വെള്ളം കുറയുന്നു എന്നുള്ളതാണ്. ഓരോ വർഷം കഴിയുംതോറും നമ്മുടെ ജലസംഭരണം കുറഞ്ഞുവരികയാണ്. ഇപ്പോഴെടുത്തിരിക്കുന്ന കണക്കനുസരിച്ച് പുറത്തു നിന്നു ഇറക്കുമതി ചെയ്യുന്ന വൈദ്യുതി കൂടി ഉപയോഗിച്ചാലും കേരളത്തിന് 700 ദശലക്ഷം യൂണിറ്റ് വൈദ്യുതി കുറവാണ്. ഇന്നു നമ്മുടെ ഡാമുകളിലുള്ള വെള്ളം ഉപയോഗിച്ച് 11950 ദശലക്ഷം വൈദ്യുതി ഉൽപ്പാദിപ്പിക്കാം. 700 ദശലക്ഷം യൂണിറ്റിൻറെ കുറവ് തുലാവർഷത്തിന് മുമ്പു ഇപ്പോഴുണ്ട്. തുലാവർഷം കൊണ്ട് 700 മില്യൻ യൂണിറ്റെങ്കിലും കിട്ടിയാലെ നമ്മുക്ക് തികയുകയുള്ളു. നമ്മുടെ സംസ്ഥാനത്ത് ഒരു ദിവസം ഏതാണ്ട് 15, 15½, 16

LIBRARY ARCHIVES Kerala Legislative Assembly

ദശലക്ഷം വൈദ്യുതി മതി. എന്നാൽ 30 ദശലക്ഷം വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള യന്ത്രസജ്ജീകരണങ്ങളും ഇന്നുണ്ട്. യഥാർത്ഥത്തിൽ നമുക്ക് യന്ത്രസജ്ജീകരണങ്ങളുടെ കുറവല്ല. മഴയെ ആശ്രയിച്ച് നിൽക്കുന്ന ഈ സംസ്ഥാനത്ത് മഴയുടെ കുറവാണ്. പുറത്തു നിന്ന് ഒരു യൂണിറ്റ് വൈദ്യുതി പോലും എടുക്കാതെ പോകാനുള്ള സൗകര്യങ്ങളും നമുക്കുണ്ട്. പക്ഷെ വെള്ളമില്ലെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇന്നു ഏർപ്പെടുത്തിയിരിക്കുന്ന വൈദ്യുതിയുടെ നിരക്ക് കൂടുതലാണെന്നു പറഞ്ഞു കൊണ്ട് ഇവിടെ പവർകട്ട് ഏർപ്പെടുത്തിയിരുന്ന കാലത്ത് മഹാരാഷ്ട്രയിൽ നിന്നു മറ്റു സംസ്ഥാനങ്ങൾ വഴി ഇവിടെ ഇറക്കിയിരുന്ന വൈദ്യുതിയ്ക്ക് ഒരു നികുതി ചാർജുണ്ട്. അതിനുശേഷം രാഗുണ്ടേ തുടങ്ങിയ പ്രോജക്റ്റുകളിൽ നിന്ന് വൈദ്യുതി എടുത്തു. എന്നിട്ടു മഹാരാഷ്ട്രാ നിരക്ക് തന്നെയാണ് ഇപ്പോഴും തുടരുന്നത്. ഇതിനു പുറമേ ട്രാൻസ്മിഷൻ ചാർജ്, ഫീഡിംഗ് ചാർജ്, അഡീഷണൽ എസ്റ്റാബ്ലിഷ്മെൻറ് ചാർജ്, അഡീഷണൽ എക്യൂപ്മെൻറ് ചാർജ് തുടങ്ങിയവയുണ്ട്. ഇതിനൊന്നും അഡീഷണൽ എസ്റ്റാബ്ലിഷ്മെൻറ് ചാർജില്ല, പുതിയ എക്യൂപ്മെൻറില്ല, പുതിയ സ്റ്റാഫില്ല. ട്രാൻസ്മിഷൻ ചാർജ് തന്നെ ഏർപ്പെടുത്തിയിരിക്കുന്നത് കൂടുതലാണ് അങ്ങനെ വളരെക്കൂടുതൽ നികുതി ഉപഭോക്താക്കളിൽ നിന്നു ഈടാക്കിവരുന്നു എന്നു പറഞ്ഞുകൊണ്ട് കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്തു. ഇതു ആരാണ് തീരുമാനിക്കുന്നതെന്നു വ്യക്തമല്ല. ആ റിട്ട് ഹർജി വാദത്തിനു വന്നപ്പോൾ ബോർഡിലെ ഉദ്യോഗസ്ഥൻമാർ വക്കീലിനെക്കൊണ്ട് പറയിച്ചത് മന്ത്രി ദുബായിലാണ്, അതുകൊണ്ട് ഇക്കാര്യത്തിൽ മറുപടി പറയാൻ സമയം വേണമെന്നാണ്. ഞാൻ ചോദിക്കുന്നത് ഈ സംസ്ഥാനത്ത് ആരാണ് നികുതിനിരക്ക് തീരുമാനിക്കുന്നത് ? ബോർഡാണ്. അതിനു മന്ത്രി ദുബൈയിലാണെന്നു മറുപടി. വീണ്ടും അവധിക്ക് അപേക്ഷിച്ചപ്പോൾ കോടതിയിൽ നിന്ന് പറഞ്ഞത് നിങ്ങളും ഈ നികുതി എന്തടിസ്ഥാനത്തിലാണെന്ന് പറയാൻ മന്ത്രിയുടെ സാന്നിദ്ധ്യം ആവശ്യമുണ്ടോയെന്നാണ്. ഈ നികുതി നിരക്ക് തീരുമാനിച്ചത് ആരാണ് ? ഇതിന്റെ അടിസ്ഥാനം എന്താണെന്നു ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമാക്കാമോ ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : വിദ്യുച്ഛക്തി ബോർഡും ഹൈക്കോടതിയും, മന്ത്രി ഇതിലൊന്നും മിണ്ടാൻപാടില്ല എന്ന് പറഞ്ഞില്ല. വിദ്യുച്ഛക്തി ബോർഡ് ഒരു ആട്ടോണമസ് ബാഡിയാണ്. പുതിയ നിയമം അനുസരിച്ച് 3 രീതമാനം ലാഭം ഉണ്ടാക്കിക്കൊള്ളണമെന്ന് പാർലമെൻറ് വ്യവസ്ഥ ചെയ്തിരിക്കുന്ന സ്റ്റാറ്റിയൂട്ടറിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് വിദ്യുച്ഛക്തി ബോർഡ്. അവർക്ക് ഈ വക കാര്യങ്ങൾ നിശ്ചയിക്കാൻ പൂർണ്ണമായും അധികാരമുണ്ട്. എന്നാൽ ഇത് നിയന്ത്രിക്കുന്നതിനും ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും സംസ്ഥാനത്തിലെ പ്രധാന ഭരണത്തലവനായ ചീഫ് സെക്രട്ടറി ഉൾപ്പെടുന്ന ഒരു റെഗുലേറ്ററി കമ്മീഷൻ എല്ലാമാസത്തിലും പതിനഞ്ചു ദിവസത്തിലൊരിക്കൽ കൂടിക്കൊണ്ടിരിക്കുകയാണ്. എച്ച്. ടി / ഇ. എച്ച്. ടി. കൺസ്യൂമേഴ്സ് ആയ 24 ലക്ഷം ഉപഭോക്താക്കളിൽ 35/34 പേരാണ് വിദ്യുച്ഛക്തി ബോർഡിൽ ഏറ്റവും കൂടുതൽ വിഹിതം അടയ്ക്കേണ്ട ആളുകൾ. കൃത്യമായ കണക്ക് എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും വളരെ ചുരുക്കം ആളുകൾക്കാണ് വിദ്യുച്ഛക്തി ഏറ്റവും കൂടുതൽ വിതരണം ചെയ്തു വരുന്നത്. അതായത് വൻകിട വ്യവസായികളും അതിനേക്കാൾ അല്പംകൂടിതാഴെവരുന്ന എച്ച്. ടി. / ഇ. എച്ച്. ടി. ഉപഭോക്താക്കൾക്ക് മാത്രമാണ്. അല്ലാതെ ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പടെയുള്ള ആളുകൾക്ക് പവർ കട്ടുമില്ല

LIBRARY ARCHIVES Kerala Legislative Assembly

ലോഡ് ഷെഡ്ഡിംഗുമില്ല. വില വർദ്ധനവുമില്ല. ഹൈക്കോടതിയിൽ ഞാൻ പോയിരുന്നുവെന്നൊക്കെപ്പറഞ്ഞു. അതുസംബന്ധിച്ച് എനിക്ക് യാതൊന്നും അറിയില്ല. വൈദ്യുതിയുടെ വില നിശ്ചയിക്കുന്നതിൽ മന്ത്രിയ്ക്കോ ഗവൺമെൻറിനോ പങ്കില്ല. ഇതൊരു ആട്ടോണമസ് ബോഡിയായതുകൊണ്ട് അതിൽ ഇടപെടാൻ പാടില്ലായെന്ന് തുടർച്ചയായ വിധിയുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളാരും ഇടപെടാറില്ല. എന്തായാലും വിദ്യുച്ഛക്തിബോർഡ് ലാഭം ഉണ്ടാക്കുന്ന ഒരു സ്ഥാപനമല്ല. മൂന്നു ശതമാനം ലാഭം ഉണ്ടാക്കിയിരിക്കണമെന്ന് ഗവൺമെൻറ് വിദ്യുച്ഛക്തി ബോർഡിനോട് ആവശ്യപ്പെട്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങളെ മുന്നോട്ടു നീങ്ങുകയാണ്. അല്ലാതെ വലിയ കൊള്ളയുണ്ടാക്കുന്നുവെന്ന മട്ടിൽ ഇത് അവതരിപ്പിച്ചാൽ അത് ശരിയല്ല. മാത്രമല്ല അയൽ സംസ്ഥാനങ്ങളിലെ വിദ്യുച്ഛക്തി റേറുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ റേറ് 25 ശതമാനം പവറിനു മാത്രമാണ്. ശരാശരി വരുമ്പോൾ 40 പൈസയിൽ താഴെ ഒരു ഇ.എച്ച്. റി. ഉപഭോക്താവിനു വരു. കാരണം 25 ശതമാനം പവർ മാത്രമാണ് പുറത്തുനിന്നും എടുക്കുന്നത്. ബാക്കിയുള്ളത് 22 പൈസയ്ക്കും 11 പൈസയ്ക്കുമാണ് വില്ക്കുന്നത്. അതുകൊണ്ട് 60 ശതമാനവും 25 ശതമാനവും ആവറേജ് എടുത്തു വരുമ്പോൾ പുറം സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ എത്രയാണ്ട് പകുതിയോളം വിലമാത്രമേ ഇ. എച്ച്. റി. ഉപഭോക്താവിന് മൊത്തത്തിൽ വൈദ്യുതിയ്ക്കുവേണ്ടി കൊടുക്കേണ്ടി വരൂ എന്നുള്ളതാണ് സത്യം.

ശ്രീ. എ. സി. ഷൺമുഖദാസ് : കേരളത്തിലെ വൈദ്യുതി ക്ഷാമത്തെ സംബന്ധിച്ച് ബന്ധപ്പെട്ടവർ നേരത്തേതന്നെ ശ്രദ്ധയിൽപ്പെടുത്തേണ്ടവരെ പെടുത്തിയിരുന്നു. കഴിഞ്ഞ ജൂൺ മാസത്തിനു മുമ്പ് നമ്മുടെ സംസ്ഥാനം കർണ്ണാടകയ്ക്കും മറ്റു സംസ്ഥാനങ്ങൾക്കും വൈദ്യുതി വിറ്റു എന്നും അതിനെസംബന്ധിച്ചിടത്തോളം ഗവൺമെൻറു ഗൗരവമായി അന്വേഷിക്കുന്നതാണെന്നും പറഞ്ഞിരുന്നു. മൊത്തം എത്ര ലക്ഷം യൂണിറ് വിറ്റിട്ടുണ്ട് ? ഇങ്ങനെ വൈദ്യുതി വിറ്റവർക്കെതിരെ അന്വേഷിച്ച് നടപടിയെടുത്തിട്ടുണ്ടോ? ഈ സംസ്ഥാനത്ത് ക്ഷാമം ഉണ്ടായിട്ടും അന്യസംസ്ഥാനങ്ങളിൽ വൈദ്യുതി വിറ്റതുസംബന്ധിച്ച് ഈ ഗവൺമെൻറ് ഗൗരവമായി കണക്കിലെടുക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : 1981-ന് ശേഷം ഈ സംസ്ഥാനം വൈദ്യുതി വിറ്റിരുന്നു. കഴിഞ്ഞ വർഷവും വിറ്റു എന്നു പറയാൻ കഴിയില്ല. കഴിഞ്ഞ നിയമസഭയിൽ ചോദ്യത്തിന് മറുപടിയായി ഈ വിവരങ്ങൾ തന്നിട്ടുണ്ട്. തമിഴ്നാടിന് ഇത്ര, കർണാടകയ്ക്ക് ഇത്ര എന്ന ഒരു മറുപടി തന്നിട്ടുണ്ട്. ആ വൈദ്യുതി കർണ്ണാടകത്തിന് നൽകിയത്, കേന്ദ്ര ഗവൺമെൻറുമായുള്ള ഒരു കരാറിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാസ്ഥാപനമായ റെയിൽവേയുടെ ആക്സിൽ ആൻറ് വീൽ പ്ലാൻറിനുവേണ്ടിയാണ്. ഒരുമാസം 10 ശതലക്ഷം യൂണിറ് എന്നുള്ള കണക്കിന് 120 ദശലക്ഷം യൂണിറ് ആ വർഷം കൊടുത്തിട്ടുണ്ട്. ഈ മേയ് മാസത്തോടുകൂടി അതു പൂർണ്ണമായും നിറുത്തിയിരിക്കുകയാണ്. നമ്മൾ ഒന്നും കൊടുക്കുന്നില്ല. ഇതിന്റെ കണക്ക് ഇപ്പോൾ കൃത്യമായി എന്റെ കൈയിലില്ല. കഴിഞ്ഞ നിയമസഭാരേഖകളിൽ അതുണ്ടായിരിക്കും. കഴിഞ്ഞ നിയമസഭയിൽ ഒരു ചോദ്യത്തിന് മറുപടിയായി തന്നിട്ടുണ്ട്. എന്തായാലും ഇപ്പോൾ വില്ക്കുന്നില്ല എന്നുമാത്രമേ പറയാൻ കഴിയൂ. കഴിഞ്ഞ തവണയും വില്പന എന്ന് പറയാൻ കഴിയുകയില്ല. ചെറിയ അഡ്ജസ്റ്റ്മെൻറായിട്ട് മാത്രം കണക്കാക്കിയാൽ മതി.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഇവിടെ തന്ന ഒരു ചോദ്യത്തിന്റെ ഉത്തരത്തിൽ നമ്മുടെ വൈദ്യുതി ഉല്പാദനത്തിന്റെ തകരാറ് ജലത്തിന്റെ പ്രശ്ന

LIBRARY ARCHIVES Kerala Legislative Assembly

മാക്കി അവതരിപ്പിക്കാൻ മന്ത്രി ശ്രമിക്കുകയുണ്ടായി. കഴിഞ്ഞ അഞ്ചുവർഷത്തിനകം നമ്മുടെ വൈദ്യുതി ഉല്പാദനത്തിൽ എന്തെങ്കിലും വർദ്ധനവുണ്ടായിട്ടുണ്ടോ? വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ അളവു വ്യക്തമാക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഇൻഡ്യയിലെ മറ്റ് ഏതു സംസ്ഥാനത്തെക്കാളും വർദ്ധനവുണ്ടായിട്ടുണ്ട്. ഏതാണ്ട് 400 മെഗാവാട്ടിലധികം വർദ്ധനവുണ്ടായിട്ടുണ്ട്. 1980-ൽ 1011 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു കൊണ്ടിരുന്ന കേരളത്തിൽ 465 മെഗാവാട്ട് വൈദ്യുതികൂടി ഉല്പാദിപ്പിക്കാനുള്ള ശേഷി ഇന്ന് വർദ്ധിപ്പിച്ചിട്ടുണ്ട്. 390 മെഗാവാട്ട് ഇടുക്കിയിൽ ഉല്പാദിപ്പിച്ചുകഴിഞ്ഞു. ഇടമലയാറിൽ നവംബർ മാസം 15-ാം തീയതിമുതൽ ഉല്പാദനം ആരംഭിക്കത്തക്കനിലയിൽ എല്ലാം പൂർണ്ണമായി വരികയാണ്. ടണൽ അടയ്ക്കുന്ന ജോലി പൂർത്തിയായിവരികയാണ്. 1011 മെഗാവാട്ട് ഉല്പാദനശേഷി ഉണ്ടായിരുന്ന സ്ഥാനത്ത് കഴിഞ്ഞ 5 വർഷമായി 465 മെഗാവാട്ട് അധികമായി ഉല്പാദനശേഷി വർദ്ധിച്ചിട്ടുണ്ട്. ഇത് അഖിലേന്ത്യാ റിക്കോർഡാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: കഴിഞ്ഞ അഞ്ചുവർഷത്തെ ഉല്പാദനവും ഇപ്പോഴുള്ള ഉല്പാദനവും തമ്മിലുള്ള താരതമ്യമാണ് ചോദിച്ചത്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതുതന്നെയാണ് പറഞ്ഞത്. മഴ പെയ്യാത്തതിന്റെ ഉത്തരവാദിത്വം ഞാൻ എങ്ങനെ വഹിക്കും? ഉല്പാദനശേഷി വർദ്ധിപ്പിക്കാനേകഴിയൂ. പ്രകൃതിയെ ആശ്രയിച്ചു കഴിയുന്ന കേരള സംസ്ഥാനത്തിന് വെള്ളം കിട്ടിയാൽ 465 മെഗാവാട്ട് വൈദ്യുതികൂടി ഉല്പാദിപ്പിക്കാനുള്ള ശക്തി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. രാമൻ: ശബരിമല വികസനത്തിനുവേണ്ടി വനസംരക്ഷണനിയമത്തിൽ വിട്ടുവീഴ്ച ചെയ്തതുപോലെ മലബാറിലെ ഇന്നത്തെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി സൈലന്റ്വാലി പദ്ധതിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നതിന് നമ്മുടെ സംസ്ഥാനഗവൺമെന്റു കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്യുന്നതിന് ആവശ്യപ്പെടുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നിർഭാഗ്യവശാൽ കേന്ദ്രഗവൺമെന്റ് മലബാറിലെ എല്ലാ പ്രോജക്ടുകൾക്കും എതിരാണ്. പാലക്കാട് ജില്ല വളരെ ബുദ്ധിമുട്ടു അനുഭവിക്കാൻ പോകുകയാണ്. ഏതു ഗവൺമെന്റ് ആണെങ്കിലും ശരി പാലക്കാടു ജില്ലയുടെ ഭാവി വേദനനിറഞ്ഞ ഒരു ഘട്ടത്തിലേയ്ക്ക് നീങ്ങേണ്ടിവരും. പാലക്കാട് ജില്ലയ്ക്ക് ജീവൻ കൊടുക്കേണ്ട മൂന്നു പദ്ധതികളാണ്. സൈലന്റ്വാലി, കേരള ഭവാനി, കുറിയാർകുട്ടി, കാരച്ചാറ എന്നിവ. ഈ മൂന്നു പദ്ധതികൾക്കും പരിസ്ഥിതിയുടെ പേരിൽ വളരെയധികം എതിർപ്പുകൾ നേരിടേണ്ടി വരുന്നു. ഇത് എങ്ങനെ മുമ്പോട്ടു കൊണ്ടുപോകണമെന്ന് ഗവണ്മെന്റിന് അറിഞ്ഞുകൂടാ. രണ്ടു പദ്ധതികൾക്ക് അനുമതി നിഷേധിച്ചു. മൂന്നാമത്തെ പദ്ധതി അന്തർസംസ്ഥാന ജല പ്രശ്നങ്ങളുമായി കുരുങ്ങിക്കിടക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ കൈയിൽ ഇരിക്കുകയാണ് പാലക്കാട് ജില്ലയിലേയും കണ്ണൂർ ജില്ലയിലേയും മാനന്തവാടിയിലേയും മലപ്പുറം, കോഴിക്കോട് ജില്ലയിലെ ചാലിയാർപ്പുഴയും പാണ്ടിയാർ-പുന്നപ്പുഴയും ഉൾപ്പടെയുള്ള പദ്ധതികളുടെ കാര്യം ഈ പദ്ധതികളെല്ലാം ഏറ്റെടുക്കാൻ കഴിയുന്നില്ലെങ്കിൽ മലബാറിന് വളരെ ബുദ്ധിമുട്ടുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനെതിരായി ഒരു പാറ സ്ഥാപിതതാല്പര്യക്കാർ ഈ സംസ്ഥാനത്തും രാജ്യത്തും പ്രവർത്തിക്കുന്നുവെന്നുള്ളതാണ് സത്യം.

LIBRARY ARCHIVES Kerala Legislative Assembly